റിപ്പോർട്ട്




# ഇസ്‌ലാമിക സാമ്പത്തികരംഗം കിഴക്കനേഷ്യയിൽ പുത്തനുണർവ്

വി.വി ശരീഫ് സിംഗപ്പൂർ

**തെക്കൻ** കൊറിയയെക്കുറിച്ച് പറയുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് ഇപ്പോഴത്തെ യു.എൻ സെക്രട്ടറി ജനറൽ ബാൻ കീ മൂണിന്റെ മുഖവും സാംസങ് മൊബൈൽ ഫോണും ഹ്യൂണ്ടായ് കാറുകളും എൽ.ജിയുടെ ഇലക്ട്രോണിക് ഉപകരണങ്ങളുമാണ്. ലോകത്തിന് ഇവയൊക്കെ സമ്മാനിച്ച, വ്യാവസായികവും സാമ്പത്തികവുമായി വളരെയേറെ വളർന്നുകഴിഞ്ഞ ഈ കിഴക്കനേഷ്യൻ രാജ്യത്തുനിന്ന് മികവാർന്ന ഒരു ഇസ്‌ലാമിക് ബാങ്ക് പ്രതീക്ഷിക്കാമോ? ഈ ചോദ്യത്തിന് പെട്ടെന്ന് ലഭിക്കുന്ന ഉത്തരം ഇല്ല എന്നായിരിക്കും. കാരണം ഇസ്‌ലാമും മുസ്‌ലിംകളും നാമമാത്രമായ, അയൽപക്ക രാജ്യങ്ങളൊന്നും മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളല്ലാത്ത ദക്ഷിണ കൊറിയയിൽനിന്ന് സ്വാഭാവികമായും ഇസ്‌ലാമുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ സംരംഭങ്ങളൊന്നും ആരും പ്രതീക്ഷിക്കുകയില്ല.

**പ്രശസ്ത മൾട്ടിനാഷ്നൽ ഫണ്ട് മാനേജ്മെന്റ് സ്ഥാപനങ്ങളായ Aberdeen, BNP Paribas, Namuras എന്നിവക്ക് ഇസ്‌ലാമിക് ഫണ്ട് മാനേജ്മെന്റ് സ്ഥാപനങ്ങൾ തുടങ്ങാൻ അനുവാദം നൽകിയതാണ് 2009ൽ മലേഷ്യയിൽ ഉണ്ടായ ഏറ്റവും പുതിയ നീക്കം. വിദേശ ഫണ്ട് മാനേജ്മെന്റ് സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിൽ സ്ഥാപനങ്ങൾ 100 ശമതാനം ഉടമസ്ഥതയോടെ തുടങ്ങാനുള്ള അനുവാദം മലേഷ്യ നൽകുന്നുണ്ട്.**

എന്നാൽ സാമ്പത്തിക പ്രതിസന്ധിയിൽപെട്ട കൊറിയയും ഒരു ബദൽ സാമ്പത്തിക ഘടനയെ കുറിച്ച് ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ഇസ്‌ലാമിക സാമ്പത്തിക ഘടനയിലേക്ക് വരാൻ താൽപര്യപൂർവം തയാറെടുപ്പ് നടത്തുകയാണിപ്പോൾ തെക്കൻ കൊറിയ. ഇസ്‌ലാമിക ബാങ്കുകൾ സ്ഥാപിക്കാനും ലോക ഇസ്‌ലാമിക സമ്പദ്ഘടനയിൽ തങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്താനും തലസ്ഥാന നഗരിയായ സോളിൽ നീക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതിന് മുൻകൈയെടുക്കുന്നതോ സാക്ഷാൽ കൊറിയൻ പ്രസിഡന്റ് ലീ മ്യൂൺ ബാകും. പ്രാഥമിക നടപടി എന്നനിലക്ക് കൊറിയൻ ഫൈനാൻസ് കമീഷൻ ഇസ്‌ലാമിക സമ്പദ്ഘടനയെക്കുറിച്ച് സാധ്യതാപഠനം നടത്തുന്നതിന് 2008 അവസാനത്തിൽ ഒരു ഉന്നതതല സമിതിക്ക് രൂപംനൽകിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഇക്ക

ഴിഞ്ഞ ജനുവരി 13,14 തീയതികളിൽ സോളിൽ വളരെ പ്രാധാന്യത്തോടെ സംഘടിപ്പിക്കപ്പെട്ട ഇസ്‌ലാമിക സാമ്പത്തിക സെമിനാർ. കൊറിയൻ ഫൈനാൻസ് സർവീസ് കമീഷനും (KFS) മലേഷ്യയിലെ ഇസ്‌ലാമിക് ഫൈനാൻസ് സർവീസ് ബോർഡും (IFSB) സംയുക്തമായി സംഘടിപ്പിച്ച സെമിനാർ കൊറിയയിൽ ആദ്യത്തേതാണ്. കൊറിയൻ വ്യവസായരംഗത്തെയും ഭരണരംഗത്തെയും പ്രമുഖർ പങ്കെടുത്ത സെമിനാർ പ്രാധാന്യപൂർവം കൊറിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. മുഖ്യ പ്രഭാഷണം നിർവഹിച്ച കൊറിയൻ ഫൈനാൻസ് കമീഷൻ ചെയർമാൻ പറഞ്ഞു: "കൊറിയയിൽ നടക്കുന്ന ഈ പ്രഥമ സെമിനാറിൽ പ്രതിസന്ധിയിലകപ്പെട്ട ലോക സാമ്പത്തിക വ്യവസ്ഥക്കും കൊറിയൻ സാമ്പത്തിക വ്യവസ്ഥക്കും പലതും പഠിക്കാനുണ്ട്. പ്രയോഗവത്കരണത്തിലൂടെ പ്രയോജനപ്പെടുത്താൻ പറ്റുന്ന പലതും ഇസ്‌ലാമിക സാമ്പത്തിക ഘടനയിലുണ്ട്." കൊറിയൻ പ്രസിഡന്റ് അദ്ദേഹത്തിന്റെ സന്ദേശത്തിൽ ഒരു കാര്യം എടുത്തു പറഞ്ഞു: "വർഷങ്ങളോളം കൊറിയൻ ഉൽപന്നങ്ങളുടെ വലിയ വിപണിയായിരുന്നു മുസ്‌ലിം രാജ്യങ്ങൾ. പ്രത്യേകിച്ചും എണ്ണ സമ്പന്ന ഗൾഫ് രാജ്യങ്ങൾ. ഇപ്പോൾ ആ രാജ്യങ്ങളിലെ ഇസ്‌ലാമിക സാമ്പത്തികഘടന നാം ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നു."

കൊറിയ ഇസ്‌ലാമിക് ഫൈനാൻസിനെക്കുറിച്ച് ഇപ്പോൾ മാത്രമാണ് ഗൗരവമായി ചിന്തിക്കുന്നതെങ്കിലും കൊറിയയിലെ ബഹുരാഷ്ട്ര കമ്പനികളായ ലക്കിസ്റ്റാർ, ഹുണ്ടായ്, ദേവു മോട്ടോർസ് എന്നിവ നേരത്തെ തന്നെ ലണ്ടൻ ഫൈനാൻസ് മാർക്കറ്റ് വഴി ഇസ്‌ലാമിക് ഫൈനാൻസിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടായിരുന്നു. മുഖ്യമായും ട്രേഡ് ഫൈനാൻസ് (Commodity Muradaba) ആണ് കമ്പനികൾ ലഭ്യമാക്കിക്കൊണ്ടിരുന്നത്. കിഴക്കനേഷ്യയിലെ ഇസ്‌ലാമിക സാമ്പത്തിക ഘടന ഭംഗിയായി നടത്തിക്കൊണ്ടിരിക്കുന്ന മുസ്‌ലിം രാജ്യങ്ങളല്ലാത്ത ഹോങ്കോങ്ങ്, ജപ്പാൻ, സിംഗപ്പൂർ എന്നിവയെ മാതൃകയാക്കി അതിനേക്കാൾ മെച്ചപ്പെട്ട ഇസ്‌ലാമിക് ഫൈനാൻസ് വികസിപ്പിച്ചെടുക്കാനാണ് കൊറിയ ശ്രമിക്കുന്നത്.

സാമ്പത്തിക അച്ചടക്കം, അഴിമതി മുക്ത ഭരണം, രാഷ്ട്രീയ സുസ്ഥിരത എന്നിവയാൽ അനുഗൃഹീതമായതും ലോക അഭിപ്രായ സർവേകളിൽ ഏറ്റവും നല്ല കോർപറേറ്റ് നഗരമായി പലപ്പോഴും തെരഞ്ഞെടുക്കപ്പെട്ടതുമായ കിഴക്കനേഷ്യൻ നഗരരാജ്യമായ സിംഗപ്പൂരും ഇസ്‌ലാമിക് ഫൈനാൻസ് മേഖലയെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. സിംഗപ്പൂരിലെ ആദ്യത്തെ സംരംഭമാണ് 2007ൽ പ്രവർത്തനം ആരംഭിച്ച ഇസ്‌ലാമിക് ബാങ്ക് ഓഫ് ഏഷ്യ (IB). ഇതിനെ ഏറ്റവും വലിയ ഇസ്‌ലാമിക ബാങ്കാക്കി മാറ്റാനാണ് ശ്രമം. സിംഗപ്പൂരിലെ ഏറ്റവും വലിയ ബാങ്കായ ഡി.ബി.എസ് ബാങ്കാണ് ഇതിന് തുടക്കം കുറിച്ചത്. 2007 മെയ് മാസത്തിൽ തുടങ്ങി ആദ്യ വർഷത്തിൽതന്നെ 500 മില്യൻ ഡോളറിന്റെ ഇടപാടുകൾ ഐ.ബി നടത്തിക്കഴിഞ്ഞു.

2009 ജനുവരി 19ന് 200 മില്യൻ ഡോളറിന്റെ സുകൂക് (ഇസ്‌ലാമിക് ബോണ്ട്) പുറത്തിറക്കാനുള്ള പദ്ധതിക്ക് മോണിറ്ററി അതോറിറ്റി ഓഫ് സിംഗപ്പൂരി (MAS)ന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ചതാണ് മറ്റൊരു പ്രധാന നീക്കം (സാധാരണയായി ബോണ്ടുകളിൽ മുതൽ മുടക്കുന്നവർക്ക് നിശ്ചിത ശതമാനം പലിശയാണ് ലഭിക്കുന്നതെങ്കിൽ, ഇസ്‌ലാമിക് ബോണ്ടിൽ മുതലിറക്കുമ്പോൾ ലഭിക്കുന്നത് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന സംരംഭങ്ങളുടെ ലാഭവിഹിതമാണ്).

സിംഗപ്പൂരിന് തൊട്ടു പിറകെ ജനുവരി 30ന് ഇന്തോനേഷ്യയും ഇസ്‌ലാമിക് ഫൈനാൻസ് രംഗത്തെ തങ്ങളുടെ പുതുവർഷ നീക്കങ്ങൾക്ക് തുടക്കംകുറിച്ചു. 545 മില്യൻ അമേരിക്കൻ ഡോളറിന് തുല്യമായ ഇസ്‌ലാമിക് ബോണ്ട് പുറത്തിറക്കിക്കൊണ്ടാണിത്. ഒരു യൂനിറ്റിന് 88 ഡോളർ വില വരുന്ന സുകൂക് ഫെബ്രുവരി 20 മുതൽ ലഭ്യമായിത്തുടങ്ങി. ഈ ബോണ്ടിൽ നിക്ഷേപിക്കുന്നവർക്ക് ഏകദേശം 12 ശതമാനം ലാഭം പ്രതീക്ഷിക്കാം. അതേസമയം മുഖ്യധാരാ ബാങ്കുകൾ ഇന്തോനേഷ്യയിൽ സ്ഥിരനിക്ഷേപത്തിന് നൽകിവരുന്ന പരമാവധി പലിശ 10 ശതമാനമാണ്.

ഏറ്റവും കൂടുതൽ മുസ്‌ലിംകളുള്ള രാജ്യമായിട്ടും ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിൽ മറ്റു മുസ്‌ലിം-മുസ്‌ലിമേതര രാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പിറകിലാണ് ഇന്തോനേഷ്യ. സുഹാർത്തോയുടെ നീണ്ട ഏകാധിപത്യമാണ് ഇതിനു കാരണം. മൊത്തം ബാങ്കിംഗ് ആസ്തിയുടെ 1.6 ശതമാനം മാത്രമാണ് ഇന്തോനേഷ്യയിലെ ഇസ്‌ലാമിക് ബാങ്കുകളുടെ മൊത്തം ആസ്തി. സുഹാർത്തോക്ക് ശേഷം, ഇസ്‌ലാമിക കക്ഷികളുടെ ശ്രമഫലമായാണ് ഭരണകൂടത്തിന്റെ പിന്തുണയോടെ ഇസ്‌ലാമിക് ഫൈനാൻസ് രംഗത്ത് പുതിയ കാൽവെപ്പുകൾ ദൃശ്യമാകുന്നത്. വരുംനാളുകളിൽ ഇസ്‌ലാമിക് ഫൈനാൻസിൽ ഇന്തോനേഷ്യ വൻകുതിപ്പുതന്നെ നടത്തുമെന്നാണ് പ്രതീക്ഷ. മൂന്ന് പൂർണ ഇസ്‌ലാമിക് ബാങ്കുകളെ കൂടാതെ ഇരുപതോളം വരുന്ന മറ്റു ബാങ്കുകളുടെ ഇസ്‌ലാമിക് ഡിവിഷനുകളും ചേർന്നതാണ് ഇപ്പോഴത്തെ ഇസ്‌ലാമിക് ഫൈനാൻസ് മേഖല.

ഈ വർഷം ഹോങ്കോങ്ങിൽ ആദ്യത്തെ ഇസ്‌ലാമിക് ബാങ്ക് നിലവിൽ വരാനാണ് സാധ്യത. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ഇതിനു വേണ്ടി ഹോങ്കോങ്ങ് മോണിറ്ററി അതോറിറ്റി നിയമപരമായ അനുവാദം നൽകിയിരുന്നു. മലേഷ്യയിലെ പ്രശസ്ത ബാങ്കിംഗ് ഗ്രൂപ്പായ Hong Leong Bank ആണ് ഹോങ്കോങ്ങിലെ ആദ്യത്തെ ഇസ്‌ലാമിക് ബാങ്കായി മാറാൻ തയാറെടുക്കുന്നത്.

മറ്റൊരു കിഴക്കനേഷ്യൻ രാജ്യമായ തായ്‌ലന്റിലും ചെറിയ തോതിലാണെങ്കിലും ഇസ്‌ലാമിക് ഫൈനാൻസ് സജീവമാവുകയാണ്. 1987-ൽ സ്ഥാപിതമായ പട്ടാണി ഇസ്‌ലാമിക് സേവിംഗ്സ് കോ-ഓപ്പറേറ്റീവിലൂടെ തായ്‌ലന്റ് ഈ മേഖലയിലേക്ക് കടന്നിരിക്കുന്നു. തായ്‌ലന്റിൽ ഔദ്യോഗികമായി ഇസ്‌ലാമിക് ബാങ്ക് (ഇസ്‌ലാമിക് ബാങ്ക് ഓഫ് തായ്‌ലന്റ്) നിലവിൽ വന്നത് 2003ലാണ്. 2002ൽ തായ് പാർലമെന്റ് ഇസ്‌ലാമിക് ബാങ്കിംഗ് ആക്ട് പാസ്സാക്കിയിരുന്നു. ഇതിന് രാജ്യത്ത് 26 ബ്രാഞ്ചുകൾ ഉണ്ട്.

പ്രശസ്ത മൾട്ടിനാഷ്നൽ ഫണ്ട് മാനേജ്മെന്റ് സ്ഥാപനങ്ങളായ Aberdeen, BNP Paribas, Namuras എന്നിവക്ക് ഇസ്‌ലാമിക് ഫണ്ട് മാനേജ്മെന്റ് സ്ഥാപനങ്ങൾ തുടങ്ങാൻ അനുവാദം നൽകിയതാണ് 2009ൽ മലേഷ്യയിൽ ഉണ്ടായ ഏറ്റവും പുതിയ നീക്കം. വിദേശ ഫണ്ട് മാനേജ്മെന്റ് സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിൽ സ്ഥാപനങ്ങൾ 100 ശതമാനം ഉടമസ്ഥതയോടെ തുടങ്ങാനുള്ള അനുവാദം മലേഷ്യ നൽകുന്നുണ്ട്. മേൽ പറഞ്ഞ മൂന്ന് വൻകിട സ്ഥാപനങ്ങൾ ഈ സാമ്പത്തിക പ്രതിസന്ധി ഘട്ടത്തിലും ഇസ്‌ലാമിക് ഫൈനാൻസ് സ്ഥാപനങ്ങൾ തുടങ്ങാൻ താൽപര്യം

കാണിക്കുന്നത് ഭാവിയിൽ ഇസ്‌ലാമിക് ഫൈനാൻസിന് ലഭിക്കാൻ പോകുന്ന വൻ സ്വീകാര്യതയുടെ ലക്ഷണമാണെന്ന് മലേഷ്യൻ ഫൈനാൻസ് സെക്യൂരിറ്റി കമീഷൻ ചെയർമാനായ ദാതോശ്രീ ബരീനാ അൻവർ പറയുന്നു. ഈ മാറ്റം മലേഷ്യ നേരത്തെ തന്നെ മുന്നിൽ കണ്ടിരുന്നു. 2009ൽ ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിൽ ഏറ്റവും സജീവമായി കരുക്കൾ നീക്കുന്നത് മലേഷ്യയാണ്.

രണ്ട് ദേശീയ ബാങ്കുകൾ, മൂന്ന് വിദേശ ബാങ്കുകൾ, ഏഴോളം മുഖ്യധാരാ ബാങ്കുകളുടെ ഇസ്‌ലാമിക് ഫൈനാൻസ് ഉപശാഖകൾ, ഒമ്പത് ഇസ്‌ലാമിക് ഇൻഷുറൻസ് സ്ഥാപനങ്ങൾ, എട്ട് ഇസ്‌ലാമിക് ഫണ്ട് മാനേജ്മെന്റ് കമ്പനികൾ, ഈ സ്ഥാപനങ്ങളുടെ നൂറു കണക്കിന് ശാഖകൾ -ഇതെല്ലാം ചേർന്നതാണ് മലേഷ്യയിലെ ഇസ്‌ലാമിക് ഫൈനാൻസ് രംഗം. ലോക ഇസ്‌ലാമിക് ബോണ്ടിന്റെ ഏറ്റവും വലിയ മാർക്കറ്റാണ് മലേഷ്യ. 2008 അവസാനത്തോടെ ലോക ഇസ്‌ലാമിക് ബോണ്ട് മാർക്ക് (സുകൂഖ്) 112 ബില്യൻ അമേരിക്കൻ ഡോളറായി കണക്കാക്കപ്പെടുന്നു.

ഇസ്‌ലാമിക് ഫൈനാൻസ് മേഖലയുമായി ബന്ധപ്പെട്ട ഗവേഷണത്തിലും ഇസ്‌ലാമിക സാമ്പത്തിക ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലും സാധാരണക്കാർക്കും സമ്പന്നർക്കും ലാഭകരമായി മുതലിറക്കാൻ പറ്റുന്ന വൈവിധ്യമാർന്ന ഇസ്‌ലാമിക് ഫണ്ടുകൾ വികസിപ്പിച്ചെടുക്കുന്നതിലും മലേഷ്യ ഏറെ മുന്നോട്ടു പോയിരിക്കുന്നു. പുതുവർഷമാരംഭിച്ചപ്പോൾ 145 ഓളം വൈവിധ്യമാർന്ന ഇസ്‌ലാമിക് ഫണ്ടുകൾ രൂപപ്പെടുത്തി മലേഷ്യ ഒന്നാം സ്ഥാനത്താണിപ്പോൾ. ഈ മേഖലയിൽ മലേഷ്യക്ക് തൊട്ടു പിറകെയാണ് സുഊദി അറേബ്യ. പൊതുവിൽ ഇസ്‌ലാമിക് ഫൈനാൻസിന്റെ വളർച്ചാ നിരക്ക് 15 ശതമാനമായാണ് കണക്കാക്കപ്പെടുന്നതെങ്കിൽ മലേഷ്യയിൽ വളർച്ചാ നിരക്ക് 19 ശതമാനമാണ്.

ആഗോളതലത്തിൽ 15 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയതും 2013ഓടെ ഒരു ലക്ഷം കോടി അമേരിക്കൻ ഡോളറിന്റെ ആസ്തിയിലെത്തുമെന്ന് കണക്കാക്കപ്പെടുന്നതുമായ ഇസ്‌ലാമിക് ഫൈനാൻസ് മേഖലക്ക് യോഗ്യരായ വിദഗ്ധരെ കിട്ടാനില്ല എന്നതാണ് ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രധാന വിഷയം. അടുത്ത പത്തു വർഷത്തിനിടയിൽ നാൽപതിനായിരത്തോളം പ്രഫഷനലുകൾ ഈ രംഗത്ത് ആവശ്യമായി വരുമെന്ന് കണക്കാക്കപ്പെടുന്നു. ഇസ്‌ലാമിക് ഫൈനാൻസിന്റെ നായകത്വം ഏറ്റെടുക്കാൻ ഒരുങ്ങുന്ന മലേഷ്യ ഈ രംഗത്തും മാതൃകാ സ്ഥാപനങ്ങൾ വളർത്തിക്കൊണ്ട് വന്നിട്ടുണ്ട്. കിഴക്കനേഷ്യൻ രാജ്യങ്ങൾക്കു പുറമെ, മറ്റു രാജ്യങ്ങളും ഇസ്‌ലാമിക് ഫൈനാൻസുമായി ബന്ധപ്പെട്ട വിദഗ്ധാഭിപ്രായങ്ങൾക്ക് മലേഷ്യയെയാണ് ആശ്രയിക്കുന്നത്. ഈ രംഗത്ത് മലേഷ്യയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെ പരിചയപ്പെടുത്തുന്നത് ഇസ്‌ലാമിക് ഫൈനാൻസുമായി ബന്ധപ്പെട്ടവർക്കും ഭാവിയിൽ ഈ മേഖല തൊഴിലായി തെരഞ്ഞെടുക്കുന്നവർക്കും പ്രയോജനപ്പെടും.


ലീ മ്യൂൺ ബാക്

**ഇസ്‌ലാമിക സാമ്പത്തിക ഘടനയിലേക്ക് വരാൻ താൽപര്യപൂർവം തയാറെടുപ്പ് നടത്തുകയാണിപ്പോൾ തെക്കൻ കൊറിയ. ഇസ്‌ലാമിക ബാങ്കുകൾ സ്ഥാപിക്കാനും ലോക ഇസ്‌ലാമിക സമ്പദ്ഘടനയിൽ തങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്താനും തലസ്ഥാന നഗരിയായ സോളിൽ നീക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതിന് മുൻകൈയെടുക്കുന്നതോ സാക്ഷാൽ കൊറിയൻ പ്രസിഡന്റ് ലീ മ്യൂൺ ബാകും.**

### IFSB (Islamic Finance Service Board)

ആഗോളതലത്തിൽ ഇസ്‌ലാമിക് ഫൈനാൻസ് മേഖലക്ക് മാർഗനിർദേശങ്ങൾ നൽകുക, പ്രവർത്തനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ ഗവൺമെന്റുകൾക്കും ഇസ്‌ലാമിക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും പ്രായോഗിക പദ്ധതികൾ സമർപ്പിക്കുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം. ഇസ്‌ലാമിക് ബാങ്കിംഗ്, കാപിറ്റൽ മാർക്കറ്റ്, ഇസ്‌ലാമിക് ഇൻഷുറൻസ് എന്നിവയെല്ലാം ഇതിന്റെ പരിധിയിൽ വരും. വിവിധ രാജ്യങ്ങളിൽ ഇസ്‌ലാമിക് ഫൈനാൻസുമായി ബന്ധപ്പെട്ട് സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. 2003ൽ സ്ഥാപിതം. ലോകത്തിലെ ഏതാണ്ടെല്ലാ ഇസ്‌ലാമിക സാമ്പത്തിക സ്ഥാപനങ്ങൾക്കും ഇതിൽ അംഗത്വമുണ്ട്. ഐ.എം.എഫ്, ലോക ബാങ്ക് മുതലായവയും ഇതിൽ അംഗങ്ങളാണ് (www.ifsb.org).

### IBFIM (Islamic Banking & Finance Institute of Malasia)

IFSBയിൽനിന്ന് ഭിന്നമായി ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകുന്നതിനും മാനേജ്മെന്റ് രംഗത്ത് വിദഗ്ധരെ വാർത്തെടുക്കുന്നതിലുമാണ് ശ്രദ്ധചെലുത്തുന്നത്. ഇതിനാവശ്യമായ വൈവിധ്യമാർന്ന കോഴ്സുകളും IBFIM നടത്തിവരുന്നു. മലേഷ്യയിലെ ഇസ്‌ലാമിക് ബാങ്കുകളും ഇസ്‌ലാമിക് ഇൻഷുറൻസ് സ്ഥാപനങ്ങളുമാണ് ഈ സ്ഥാപനത്തിന്റെ സാരഥികൾ. അതുകൊണ്ടുതന്നെ സ്ഥാപനത്തിന്റെ കോഴ്സുകൾക്ക് നല്ല സ്വീകാര്യതയുണ്ട് (www.ibfim.com).

### INCEIF (International Centre for Education in Islamic Finance)

മലേഷ്യൻ സെൻട്രൽ ബാങ്കായ ബാങ്ക് നെഗാരാ മലേഷ്യ 2006ൽ സ്ഥാപിച്ച ഈ സ്ഥാപനം അക്കാദമിക/ഗവേഷണ തലത്തിൽ ഇസ്‌ലാമിക് ഫൈനാൻസുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്തുന്നു. വളരെ സ്വീകാര്യത ലഭിച്ച സ്ഥാപനത്തിന്റെ ഒരു കോഴ്സാണ് CIFP (Chartered Islamic Finance Professional Programme). www.inceif.org. മലേഷ്യയിലെ സർവകലാശാലകളും ഇസ്‌ലാമിക് ഫൈനാൻസുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്തിവരുന്നുണ്ട്. ■

shareef@abm-group.com